## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4060 24.08.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനങ്ങൾ

| ചോദ്യം<br>ശ്രീമതി. വീണാജോർജ്ജ് | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ, അർദ്ധ സർക്കാർ മേഖലകളിൽ ആറു മാസത്തിൽ കൂടുതലായുള്ള കാലയളവിലേക്കായി വരുന്ന താൽക്കാലിക നിയമനങ്ങൾ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പുമേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും സംസ്ഥാനത്തെ എല്ലാ വകുപ്പുകൾ/ പൊതു മേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ കോർപ്പറേഷനുകൾ/കമ്പനികൾ എന്നിവയിലെ മേധാവികൾക്ക് 05.02.2014 ലെ 25941/ജി2/2013/തൊഴിൽ നമ്പർ സർക്കുലർ പ്രകാരവും 26.12.2016-ലെ 1046913/ജി2/തൊഴിൽ നമ്പർ കത്ത് പ്രകാരവും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിലെ എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ |

വിഭാഗം, 1959 ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സ്ഥാപനങ്ങൾ സന്ദർശിച്ച്, പരിശോധന നടത്തുകയും രേഖകൾ പരിശോധിച്ച് ആക്ട് ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അനധികൃതമായി നിയമനം ലഭിച്ചവരെ പിരിച്ച് വിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ബി) ആവശ്യമെങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

(ബി) Compulsory Notification of Vacancies (CNV) ആക്ട് ഭേദഗതി ചെയ്യാൻ ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാന തലത്തിൽ ഇത് സംബന്ധിച്ച് നിയമം കൊണ്ടുവരുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ